പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 106 — 28.10.2019 ൽ മറുപടിക്ക്

## ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല തീർത്ഥാടകർക്കു കൂടി പ്രയോജനപ്പെടും വിധം ശബരിമലയ്ക്കടുത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളനിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇതിനായി എത്ര ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്; ഏറ്റവും അനുയോജ്യമായി കണ്ടെത്തിയ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചുള്ള കേസിന്റെ തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇത് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) 570 ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. നിർദ്ദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, മണിമല താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ഭൂമി 2005-ൽ M/s. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിനു വിൽപ്പന നടത്തിയ തോട്ടം ഭൂമിയാണ്. സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ ഭരണാധികാരികളും സ്വകാര്യ വ്യക്തികളും പാട്ടമായും ഗ്രാന്റായും റബ്ബർ കൃഷിക്കായി ബ്രിട്ടീഷ് പൗരൻമാർക്കും കമ്പനികൾക്കും നൽകിയ ഭൂമി, പാട്ട വ്യവവസ്ഥകൾ ലംഘിച്ചുകൊണ്ട് കൈമാറ്റം ചെയ്തും ഉടമസ്ഥത സ്ഥാപിക്കാതെ ഭൂമി വിൽപ്പന നടത്തിയതും ബോധ്യപ്പെട്ടതിനെ തുടർന്ന് ഹാരിസൺ മലയാളവും അവരുടെ മുൻഗാമികളും അവരിൽ നിന്ന് ഭൂമി നേടിയവരും കൈവശംവച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്നു |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനായി ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റ് നിലവിൽ കൈവശം വച്ചിരിക്കുന്നത് ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനമാണ്. ഉടമസ്ഥത സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമ വിധിക്കു വിധേയമായി മാത്രമേ ടി ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | വിമാനത്താവള നിർമ്മാണത്തിന് ഇനി എന്തൊക്കെ കടമ്പകളാണുള്ളത്; കേന്ദ്രാനുമതി ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ സാമൂഹ്യ പ്രത്യാഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ നടത്തുവാൻ സാധിച്ചിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഡി.ജി.സി.എ, വ്യോമയാന മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവരുടെ ക്ലിയറൻസ്, വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി, കേന്ദ്ര സർക്കാരന്റെ "in principle" അപ്രൂവൽ, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ